"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായവകുപ്പ് - സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി-2026-27 സാമ്പത്തിക വർഷം-പദ്ധതി പ്രവർത്തനത്തിനായി 30 കോടി രൂപയ്ക്ക് റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

---

വ്യവസായ(സി) വകുപ്പ്

സ.ഉ.(സാധാ) നം.953/2026/ID  തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം.718/2026/വ്യവ തീയതി 13/07/2026.
2. സ.ഉ(സാധാ)നം.720/2026/വ്യവ തീയതി 14/07/2026.
3. കൈത്തറി ഡയറക്ടറുടെ 23/07/2026 തീയതിയിലെ നം.എച്ച്.എൽ/1322/2026-പി2, 31/07/2026 തീയതിയിലെ നം.എച്ച്.എൽ/1060/2026-സി2 കത്തുകൾ.

**ഉത്തരവ്**

2026-27 സാമ്പത്തിക വർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി Budget Statements Alteration 2026-27 പ്രകാരം 2202-01-102-95(02) ശീർഷകത്തിൻ കീഴിൽ വകയിരുത്തിയിട്ടുള്ള 56 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി ആദ്യ ഗഡുവായി 9,20,00,000/- രൂപയ്ക്ക് 2202-01-102- 95(02)(പി) ശീർഷകത്തിൻ കീഴിൽ റിലീസ് അനുമതി നൽകിയും സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, 2025-26 സാമ്പത്തിക വർഷം സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായുള്ള ഡൈയിംഗ് ചാർജ്ജ്സ് ഇനത്തിൽ അനുവദിച്ചതും എന്നാൽ ട്രഷറി നിയന്ത്രണങ്ങൾ കാരണം ലഭിക്കാതിരുന്നതുമായ 2 കോടി രൂപയ്ക്ക് 2026-27 സാമ്പത്തിക വർഷം 2202-01-102-95-02(പി) ശീർഷകത്തിൽ നിന്നും റിലീസ് അനുമതി നൽകി സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

(2) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ഇനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം 43.50 കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ടെന്നും ആകയാൽ ഓണത്തിനോടനുബന്ധിച്ച് ടി കുടിശ്ശിക തീർക്കുന്നതിനായി ഫണ്ട് അനുവദിച്ചു നൽകണമെന്നും കൈത്തറി ഡയറക്ടർ സൂചന (3) പ്രകാരം അപേക്ഷിക്കുകയും പദ്ധതിയ്ക്കായി 2026-27

സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 11.2 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുകയുമുണ്ടായി.

| | ഇനം | കുടിശ്ശിക തുക (കോടി രൂപയിൽ) |
|---|---|---|
| 1. | നെയ്ത്തു കൂലി | 32.00 (2025 ഡിസംബർ മുതൽ 2026 ജൂൺ വരെയുള്ളത്) |
| 2. | നൂൽ വില | 6.00 |
| 3. | ഡൈയിംഗ് ചാർജ്ജ്സ് | 3.50 |
| 4. | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്സ് | 2.00 |
| | ആകെ | 43.50 |

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷത്തെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രവർത്തനത്തിനായി ചുവടെ ചേർക്കും പ്രകാരം 30 കോടി രൂപയ്ക്ക് 2202-01-102-95-02(പി) ശീർഷകത്തിൻ കീഴിൽ റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

| | ഇനം | തുക (കോടി രൂപയിൽ) |
|---|---|---|
| 1. | നെയ്ത്തു കൂലി | 18.32 (ഡിസംബർ 2025 മുതൽ മാർച്ച് 2026 വരെയുള്ളത്) |
| 2. | നൂൽ വില | 6.00 |
| 3. | ഡൈയിംഗ് ചാർജ്ജ്സ് | 3.50 |
| 4. | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്സ് | 2.00 |
| | ആകെ | 29.82 (rounded to 30) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കൈത്തറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (എം) വകുപ്പ്.

ധനകാര്യ(Education A) വകുപ്പ്.
ധനകാര്യ(I&PW-A) (E-3526433/I &PW-A3/49/2026-Fin dated 11/08/2026
പ്രകാരം).
ധനകാര്യ (Budget) വകുപ്പ്.
വിവര-പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതി നായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Simi Jose V
Date: 14-08-2026
15:11:36
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.വ്യവസായ-വിവരസാങ്കേതികവിദ്യവകുപ്പ് മന്ത്രിയുടെ പി.എസ്-ന്